# സ്വഹീഹുൽ ബുഖാരി: അലവിമൗലവിയുടെ പരിഭാഷയും വ്യാഖ്യാനവും




**സ്വഹീഹുൽ** ബുഖാരിക്ക് മലപ്പുറം ജില്ലയിലെ കടന്നമണ്ണ സ്വദേശി കെ. അലവിമൗലവി പരിഭാഷയും വ്യാഖ്യാനവും തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുറേയേറെ ഭാഗങ്ങളുള്ള ചെറിയ ചെറിയ പുസ്തകങ്ങളായിട്ടാണ് അച്ചടിച്ചിട്ടുള്ളത്. ഓരോ ഭാഗവും ഇരുനൂറോളം പേജുകളാണുള്ളത്. 1967 ഏപ്രിലിലാണ് ഒന്നാം വാള്യത്തിന്റെ പ്രഥമപതിപ്പ് പുറത്തിറക്കിയത്. കടന്നമണ്ണ സ്വദേശി കെ. മുഹമ്മദാണ് പ്രസാധകൻ. അന്ന് കടന്നമണ്ണ പാലക്കാട് ജില്ലയിലായിരുന്നു. ഒരു രൂപ അമ്പതുപൈസയാണ് അന്ന് ഒന്നാം ഭാഗത്തിന്റെ വില. സ്വഹീഹുൽ ബുഖാരിയുടെ പകുതിയോളം മാത്രമേ അലവി മൗലവി വിവർത്തനം ചെയ്തിട്ടുള്ളൂവെന്നാണ് മനസ്സിലാകുന്നത്.